# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1550      10.02.2020-ൽ മറുപടിയ്ക്ക്

**ഫണ്ട് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിലെ കാലതാമസം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ആസ്തി വികസന നിധിയിൽ ഭരണാനുമതി നൽകപ്പെട്ട പദ്ധതികളുടെ തുക തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിന് ദീർഘമായ കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പദ്ധതികളുടെ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിലും, പൂർത്തിയായ പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നതിലും ദീർഘമായ കാലതാമസം ഉണ്ടായിട്ടില്ല. |
| (ബി) | ഇക്കാര്യം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് 18.01.2020-ൽ പത്തനാപുരം എം.എൽ.എ. നൽകിയ കത്ത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയുണ്ടായിട്ടുണ്ടോ എന്നും ഇതിന്മേൽ സർക്കാർ തലത്തിലും ചീഫ് എൻജിനീയർ തലത്തിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ; | (ബി) & (സി) | പത്തനാപുരം എം.എൽ.എ., തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 18.01.2020 ൽ നല്കിയ കത്തിനുള്ള മറുപടി, 03.02.2020 ന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും എം.എൽ.എ യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എം.എൽ.എ. നിർദ്ദേശിച്ചിരുന്ന പ്രവൃത്തികളുടെ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള ഓഫീസ് നടപടികൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടി തുക ഡെപ്പോസിറ്റ് ചെയ്യുന്നതാണ്. |
| (സി) | എം.എൽ.എ.-എ.ഡി.എസ്.(MLA-ADS) പദ്ധതികൾ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കേണ്ടതാണ് എന്ന് ഭരണാനുമതിയിൽത്തന്നെ വ്യക്തമായി നിഷ്കർഷിച്ചിരിക്കെ, ഫണ്ട് ഡെപ്പോസിറ്റ് ചെയ്തു നൽകാൻ മാസങ്ങളോളം കാലതാമസമുണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.